# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4660 26.10.2016-ൽ മറുപടിയ്ക്ക്

## മൃഗശാലകളുടെ നവീകരണത്തിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. സ്വരാജ് : | **ശ്രീ.കെ. രാജു (ബഹു. വനവും മൃഗസംരക്ഷണവും ക്ഷീര വികസനവും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) മൃഗശാലകളുടെ നവീകരണത്തിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (എ) & (ബി) ഉണ്ട്. മൃഗശാലകളുടെ നവീകരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>(1) മൃഗശാലയുടെ ആധുനികവൽക്കരത്തിന്റെ ഭാഗമായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം മൃഗങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കനുസൃതമായ രീതിയിൽ പരിബന്ധനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>(2) ആധുനികവൽക്കരണത്തിന്റെ ഭാഗമായി ജലപക്ഷികളുടെ ആവാസസ്ഥലത്തിനനുസൃതമായ വാസസ്ഥലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.<br>(3) ഇന്ത്യൻ കാട്ടുപോത്തിന്റെ വാസസ്ഥലത്തിന്റെ നിർമ്മാണത്തിന് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.<br>(4) വിദേശ പക്ഷികളെ പാർപ്പിക്കുന്ന കൂട്ടുകളുടെ അറ്റകുറ്റപ്പണികൾക്ക് 1,50,00,000/- രൂപയുടെ എസ്റ്റിമേറ്റിനു ഭരണാനുമതി നൽകുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പിന് മ്യൂസിയം മൃഗശാല വകുപ്പ് നൽകിയിട്ടുണ്ട്.<br>(5) ഹിമാലയൻ കരടികളെ പാർപ്പിക്കുന്ന കൂട്ടുകളിൽ മൃഗത്തിനെ നിരീക്ഷിക്കുന്നതിനും, മൃഗത്തിന്റെ പരിശോധനകൾക്കുമായി സ്ക്വീസ് കൂട്ടുകൾ നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(6) മൃഗശാലയുടെ അക്വേറിയത്തിന്റെ നവീകരണ പ്രവർത്തികൾക്കായി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

(7) തിരുവനന്തപുരം മൃഗശാലയിൽ ലഭ്യമല്ലാത്ത മൃഗങ്ങളെ വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ മറ്റ് മൃഗശാലകളിൽ നിന്നും കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(8) തൃശ്ശൂർ മൃഗശാല നവീകരണത്തിന്റെ ഭാഗമായി അനാകോണ്ട പാമ്പിനെ പാർപ്പിക്കുന്നതിനുള്ള കൂട് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**